# ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്

നീണ്ടൂർ, വടക്കേക്കര പി ഒ, പിൻ - 683522

ഫോൺ-0484 2442440

Email – secretarychittattukaragp@gmail.com


നം.എസ്.സി 2/7792/2023

തീയതി. 21/09/2023

## റിപ്പോർട്ട്

ശ്രീമതി, സേതുലക്ഷ്മി.പി.എം., കൈതക്കപറമ്പിൽ, സൌത്ത് അടുവാശ്ശേരി എന്നവരുടെ വാസഗൃഹത്തിന് 24/12/2021 തിയതിയിൽ സി2/ബിഎ (328255)/2021 പ്രകാരം ഒന്നാം നില-88.26 ച.മീറ്റർ, എഫ്.88.26 ച.മീ. ( Total-176.52 ച.മീ) വിസ്തീർണ്ണത്തിൽ വാസഗൃഹം പണിയുന്നതിനുള്ള പെർമിറ്റ് ലഭ്യമാക്കിയിട്ടുള്ളതാണ്. ഇതിൻറെ പൂർത്തികരണ പ്ലാൻ അംഗീകാരത്തിനുള്ള അപേക്ഷ ഈ ഓഫീസിൽ 29/09/2022 തിയതിയിൽ ലഭിച്ചിട്ടുള്ളതാണ്.നിർമ്മാണാനുമതി നല്കിയ വിസ്തീർണ്ണത്തിൽ ജി.എഫ്. 88.26 ച.മീറ്ററും എഫ്.എഫ്. 91.84 ച.മീറ്ററും എസ്.എഫ് NIL ആയിരുന്നു. എന്നാൽ പൂർത്തികരണ പ്ലാനിൽ യഥാക്രമം G.F-90.83 ച.മീറ്ററും F.F-93.44 ച.മീറ്ററും S.F.-47.31 ച.മീറ്ററും ആണ്. വിവിധ ചട്ട ലംഘനങ്ങൾ കണ്ടെത്തിയതിനാൽ 29/10/2022, 01/02/2023, 11/05/2023 എന്നീ തീയതികളിൽ അപാകതകൾ അറിയിച്ച് കത്ത് നല്കിയിട്ടുള്ളതാണ്. അപേക്ഷ സമർപ്പിച്ച സമയത്ത് ഒന്നാം നിലയിൽ കിഴക്ക വശത്ത് ഒരു ബാൽക്കണി നിർമ്മിച്ചിരുന്നത് അതിരിനോട് ചേർന്നും വടക്ക് വശത്തെ ബാൽക്കണി ഒന്നാം നിലയിലും രണ്ടാം നിലയിലും ആ വശത്തു അതിരിൽ നിന്നും ആവശ്യമുള്ള സെറ്റ് ബാക്ക് പാലിക്കാതെയുമാണ് നിർമ്മിച്ചിരുന്നത്. ടി ന്യനതകൾ അപേക്ഷകയെ അറിയിച്ചതിനെത്തുടർന്ന് കിഴക്ക് വശത്തു അതിരിനോട് ചേർത്തു നിർമ്മിച്ച ബാൽക്കണിയിലേക്കുള്ള വാതിൽ അടക്കുകയും ആ വശത്തെ ഭൂഉടമയുടെ സമ്മതപത്രം ഹാജരാക്കുകയും ടി വശത്തെ ന്യനത പരിഹരിക്കുകയും ചെയ്തു. വടക്ക വശത്തെ അതിരിൽ നിന്നും മതിയായ SET BACK ലഭ്യമാകുന്ന രീതിയിൽ മാറ്റമൊന്നും വരുത്തിയില്ല. ബാൽക്കണിയുടെ ഹാൻഡ് റെയിൽ മാത്രമാണ് അതിരിൽ നിന്നും ആവശ്യമായ അകലത്തിൽ മാറ്റി സ്ഥാപിച്ചിട്ടുള്ളത്. സ്ലാബ് പൊളിച്ചു മാറ്റിയിട്ടില്ല. നിലവിൽ ടി കെട്ടിടത്തിന് ചുവടെ വിവരിക്കുന്ന സെറ്റ് ബാക്കുകൾ ലഭ്യമാണ്.

FRONT–4.20 M , REAR- 0M (abutted with consent) , SIDE1- 1.00 m SIDE2-1.00 .SIDE 2 ൽ 30 മീറ്റർ നീളം വരുന്ന ഒരു സ്വകാര്യ വഴി കടന്നു പോകുന്നുണ്ട്. ആയതിനാൽ ടി വശത്തേക്ക് 1.50 മീറ്റർ അകലം ആവശ്യമാണ്. SIDE (2)ൽ Rule 23(2) ൻറെ ലംഘനമുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. ടി ഫയലിൽ വടക്ക വശത്തു അതിരിനോട് 1.50 മീറ്റർ അകലം ലഭിക്കുന്ന വിധം FF,SF ലെ ബാൽക്കണിയുടെ ഭാഗം CUT ചെയ്ത് കഴിഞ്ഞാൽ 2 യൂണിറ്റിന് നമ്പർ നല്കാവുന്നതാണ്. 23/08/2023 ൽ അനധികൃത നിർമ്മാണത്തിനെതിരെയുള്ള നടപടി സംബന്ധിച്ച നോട്ടീസ് അപേക്ഷകയ്ക്ക് നല്കിയിട്ടുള്ളതാണ്.

Premalatha

Secretary
Chittattukara Grama Panchayat
Neendoor, Vadakkekara P O -683 522

Chittattukara Grama Panchayat * Neendoor, Vadakkekara P.O.-683 522 *

ഭരണഭാഷ-മാതൃഭാഷ

നമ്പർ.400586/BADC01/GPO/2023/5611/(2)

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് ആഫീസ്
വടക്കേക്കര
വടക്കേക്കര.പി.ഓ
എറണാകുളം
Phone No:04842442440
E-mail:secretarychittattukaragp@gmail.com

തീയതി : 23/08/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹു. ജോയിൻറ് ഡയറക്ടർ
തദ്ദേശസ്വയം ഭരണ വകുപ്പ്, എറണാകുളം

സർ,

വിഷയം.- ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് കെട്ടിട നമ്പർ അനുവദിക്കാത്തത്- പരാതി സംബന്ധിച്ച്-

സൂചന കത്തിൽ പരാമർശിക്കുന്ന വാസഗൃഹത്തിന് 24/12/2021 ൽ ഈ ഓഫിസിൽ നിന്ന് നിർമ്മാണാനുമതി നല്കിയിട്ടുള്ളതാണ്, ഇതിൻറെ പൂർത്തീകരണ പ്ളാൻ അംഗീകാരത്തിനുള്ള അപേക്ഷ ഈ ഓഫീസിൽ 29.09.2022 ൽ ലഭിച്ചിട്ടുള്ളതാണ്.വിവിധ ചട്ടലംഘനങ്ങൾ കണ്ടെത്തിയതിനാൽ 29.10.2022, 01.02.2023, 11/05/2023 എന്നീ തീയതികളിൽ അപാകത അറിയിച്ച് കത്ത് നല്കിയിട്ടുള്ളതാണ്.

നിർമ്മാണാനുമതി നല്കിയ വിസ്തീർണ്ണവും പൂർത്തികരണ പ്ളാനിലെ വിസ്തീർണ്ണവും തമ്മിൽ ഇപ്പോൾ ചുവടെ വിവരിക്കുന്ന വ്യത്യാസങ്ങൾ ഉണ്ട്.

| നില | നിർമ്മാണാനുമതി ലഭിച്ച പ്ളാൻ പ്രകാരം | പൂർത്തികരണ പ്ലാൻ പ്രകാരം |
|---|---|---|
| G.F | 88.26 ച.മീ | 90.83 ച.മീ |
| F.F | 91.84 ച.മീ | 93.44 ച.മീ |
| S.F | NIL | 47.31 ച.മീ |

നിലവിൽ ഈ കെട്ടിടത്തിന് ചുവടെ വിവരിക്കുന്ന SET BACKS ലഭ്യമാണ്

| SIDE | REQUIRED | PROVIDED |
|---|---|---|
| FRONT | 3.00M | 4.20M |
| REAR | 2M | 0M (abutted with consent) |
| SIDE 1 | 1.00M | 1.00M |
| SIDE 2 | 1.50M | 1.00M |

ആയതിനാൽ സൈഡ് (2) ൽ Rule 23 (2) ൻറെ ലംഘനമുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു

വിശ്വസ്തതയോടെ,

രാജേഷ് വി എസ്

സെക്രട്ടറി

Signature Not Verified
Digitally signed by RAJESH V S
Date: 2023.08.23 15:08:02 IST
Reason: ILGMS Govt. of kerala